**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**Hazrat Khalifathullah Munir Ahmad Azim (A)**

**10 November 2017 (20 Safar 1439 Hijira)**

## THE PERFECT BOOK (PART-3) :/ സമ്പൂർണ്ണ ഗ്രന്ഥം ഭാഗം – 3

മഹത്തായ ഈ ഗ്രന്ഥം അതിൽ യാതൊരു സംശയവുമില്ല സൂക്ഷിച്ചു ജീവിക്കുന്നവർക്ക് മാർഗ്ഗദർശനമാകുന്നു. അദൃശ്യ യാഥാർത്ഥ്യങ്ങളിൽ വിശ്വസിക്കുകയും നമസ്ക്കാരം (മുറപ്രകാരം) അനുഷ്ഠിക്കുകയും നാം അവർക്ക് നല്കിയതിൽ നിന്നും (നന്മയുടെ മാർഗ്ഗത്തിൽ) ചെലവഴിക്കുകയും ചെയ്യുന്നവരാണവർ. താങ്കൾക്ക് അവതരിപ്പിക്കപ്പെട്ടതിലും താങ്കളുടെ മുമ്പ് അവതരിപ്പിക്കപ്പെട്ടതിലും വിശ്വസിക്കുന്നവരും പരലോകത്തെക്കുറിച്ച് ദൃഢബോധമുള്ളവരുമാണവർ (2:3-5)

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, കഴിഞ്ഞ രണ്ടാഴ്ചയായി വിശദീകരിക്കുന്ന വിഷയം ഇന്നും തുടരാൻ എനിക്ക് തൗഫീഖ്വ് ലഭിച്ചിരിക്കുന്നു. അപ്പോൾ പറഞ്ഞുവന്നത് ഇതാണ്. നിങ്ങൾ പള്ളിയിലേക്ക് പോകുമ്പോൾ, തഖ്‌വയുടെ സൗന്ദര്യം വസ്ത്രമാക്കുക. ഓരോ വ്യക്തിയും മുത്തഖി( ദൈവഭയത്താൽ പരിശുദ്ധരായവർ) യാകുക. മുത്തഖീങ്ങളായി നിങ്ങൾ പള്ളികളെ സജീവമാക്കുമെങ്കിൽ, സങ്കല്പങ്ങൾക്കതീതമായി അനുഗ്രഹങ്ങൾ നിങ്ങളെ തേടിയെത്തും.

ഇത്തരം വ്യക്തികെളെക്കുറിച്ച് ഖുർആൻ തുടർന്നു പറയുന്നത് ശ്രദ്ധിക്കുക. അവർ വരാനിരിക്കുന്ന കാര്യങ്ങളെ കുറിച്ച് ഈമാൻ കൈക്കൊള്ളുന്നവരാണ്. വരാനിരിക്കുന്ന കാര്യങ്ങൾ രണ്ടു തരത്തിൽ നമുക്ക് മനസ്സിലാക്കാം. ആദ്യം, ആ വചന ഭാഗം ശ്രദ്ധിക്കുക. താങ്കൾക്ക് അവതരിക്കപ്പെട്ടതിലും താങ്കളുട മുമ്പ് അവതിരപ്പിക്കപ്പെട്ടതിലും (ഭാവിയിൽ) വരാൻ പോകുന്ന കാര്യങ്ങളിലും ദൃഢബോധമുള്ളവരുമാണവർ. മുൻ പ്രസംഗങ്ങളിൽ ഞാൻ സൂചിപ്പിച്ചതുപോലെ, ദൈവീക വെളിപാടുകളും, ദൂതന്മാരും ഭാവിയിലും – ഹസ്രത്ത് മുഹമ്മദ് നബി (സ)

പിന്തുടർന്ന് – അവതരിച്ച് കൊണ്ട് സമ്പൂർണ്ണ ഗ്രന്ഥമായ ഖുർആന്റ് സത്യതയെ സാക്ഷ്യപ്പെടുത്തുന്നതിനെയാണ് ഇത് സൂചിപ്പിക്കുന്നത്.

അതുകൂടാതെ, മുത്തഖീങ്ങളായ വ്യക്തികൾ, തങ്ങളുടെ ഈമാന്റെ ഭാഗമായി വരാനിരിക്കുന്ന കാര്യങ്ങളിൽ വിശ്വസിക്കുന്നവരാണ്–നമ്മിൽ നിന്ന് അദൃശ്യമാക്കി നിർത്തപ്പെട്ടിരിയ്ക്കുന്ന, ഇഹലോകജീവിതത്തിനുശേഷമുള്ള ആ (ശാശ്വത) ജീവിതത്തിൽ, നമ്മുടെ ദൈവം തമ്പുരാനുമുന്നിൽ (എല്ലാ കാര്യങ്ങളിലും) കണക്ക് ബോധിപ്പിക്കേണ്ടി വരും എന്ന സത്യത്തിൽ. വാസ്തവത്തിൽ, അദൃശ്യകാര്യങ്ങളിൽ (ഗൈബിൽ) വിശ്വസിയ്ക്കുന്നവരാണ് തങ്ങളെന്ന് ഒരു പാട് പേർ കരുതുന്നുണ്ട്. എന്നാൽ ഭൂരിപക്ഷം പേർക്കും യഥാർത്ഥത്തിൽ ഗൈബിൽ വിശ്വാസമില്ലതന്നെ. ഗൈബ് അവരിൽ നിന്നും ദൂരപ്പെട്ടിരിയ്ക്കുകയും അവരുടെ മേൽ പ്രത്രേകിച്ച് ആവശ്യങ്ങൾ ഒന്നും ഏല്പിയ്ക്കാതിരിക്കുകയും ചെയ്യുമ്പോൾ, അവർക്ക് ഗൈബിൽ വിശ്വാസമുണ്ടന്ന് അവർ അവകാശപ്പെടും. എന്നാൽ തങ്ങളുടെ വ്യക്തി താല്പര്യങ്ങളുടെ ആവശ്യങ്ങൾ ഗൈബിനെതിരായി വരുമ്പോൾ, അവർ താങ്കളുടെ വികാരങ്ങൾക്ക് പ്രാധാന്യം നല്കി അവരുടെ വിശ്വാസം അവർ വിട്ടുകളയുന്നു.

ഗൈബിന് ഒരു പാട് അർത്ഥതലങ്ങളുണ്ട്. ഒരർത്ഥത്തിൽ ഗൈബ് എന്നത് അദൃശ്യനായിരിക്കുന്ന അല്ലാഹു തന്നെയാണ്. ദൃശ്യമായ കാര്യങ്ങൾക്കപ്പുറത്ത്, അദൃശ്യമായിരിക്കുന്ന ഈമാനിൽ നിങ്ങൾക്ക് കൂടുതൽ വിശ്വാസം ഉണ്ടായി വരണം. ഗൈബിൽ യഥാർത്ഥവിശ്വാസം കൈകൊള്ളുകയും സമ്പൂർണ്ണഗ്രന്ഥമായ ഖുർആനിൽ സംശലേശമന്യേ വിശ്വസിക്കുകയും ചെയ്യുന്നവരാണ് സത്യവിശ്വാസികൾ. അല്ലാഹുവിൽ നിന്ന് ഒരു മനുഷ്യൻ അകലുമ്പോൾ അവനുണ്ടാകുന്ന സംശയങ്ങളാണ് ഖുർആൻ തീർക്കുന്നത്. ഗൈബിൽ വിശ്വസിക്കുക എന്നാൽ ഇത്തരം സംശയങ്ങളിൽ നിന്ന് മുക്തമാവുകയെന്നാണ് അർത്ഥം.

അല്ലാഹുവിന്റെ വചനങ്ങളിൽ വിശ്വസിക്കുന്നവരെ സംബന്ധിച്ചിടത്തോളം, ഖുർആൻ യാതൊരു സന്ദേഹങ്ങൾക്കും വഴിവയ്ക്കാതെ (പൂർണ്ണമായും) സത്യത്തിലധിഷ്ഠിതമായ ഒരു ഗ്രന്ഥമാകുന്നു. ദൈവഭക്തിയിലൂടെ പരിശ്രമിക്കുന്നവരാണ് സത്യവിശ്വാസികൾ. എല്ലാ അന്ധകാരവും പ്രകാശമാക്കി മാറ്റാൻ ഖുർ

ആന് കഴിയും. അത്തരം പരിശ്രമങ്ങളുടെ ഒരു ഘട്ടത്തിൽ, അല്ലാഹുവിനെ അവർ ഗൈബ് ആയി കരുതുകയും മറിച്ച്, ദൃശ്യയാഥാർത്ഥ്യമായിത്തന്നെ കരുതും. അല്ലാഹുവിനെ കാണുകയോ, കേൾക്കുകയോ, അനുഭവിയ്ക്കുകയോ ചെയ്യുന്നില്ലെങ്കിലും ദൃശ്യമായിരിക്കുന്നതും ശ്രവിയ്ക്കാൻ സാധിക്കുന്നതും അനുഭവവേദ്യമാകുന്നതുമായ ഏതൊന്നിനേക്കാളും അല്ലാഹു (ത) വിനോടുള്ള കടമകൾക്ക് അവർ പ്രാധാന്യം നല്കും.

തമിഴ്നാട്ടിൽ നിന്നുള്ള നമ്മുടെയൊരു പ്രീയ ശിഷ്യൻ കണ്ട സ്വപ്നം ഇത്തരുണത്തിൽ ഞാൻ സ്മരിയ്ക്കുന്നു. തഖ്‌വയോടെ അദ്ദേഹം ഇസ്തിഖാറാ നമസ്ക്കരിച്ചു. ഖുർആനെ സംബന്ധിച്ചുള്ള സാമാന്യജ്ഞാനത്തിനപ്പുറം അനിതരസാധാരണമായ വികാരവായ്പോടെ അദ്ദേഹം പ്രാർത്ഥിച്ചു. ഈ വീനിത ദാസനെ സംബന്ധിച്ച് സത്യത, ഖലീഫത്തുല്ലായുടേയും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റേയും സത്യതയും മനസ്സിലാക്കുവാൻ ആ ഹൃദയം ആഗ്രഹിച്ചു (അല്ലാഹു (ത) ഈ വീനിത പ്രാർത്ഥനയെ സ്വീകരിച്ചു. അല്ലാഹുവിന്റെ ജമാഅത്തായ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം ഒരു അഭൗമിക വൃക്ഷമായി അദ്ദേഹത്തിന് സ്വപ്നത്തിൽ കാണിക്കപ്പെട്ടു. ഒരു വൃക്ഷം, ദൈവീക സഹായം ലഭിയ്ക്കുന്ന ഒരു സ്വർഗ്ഗീയ വൃക്ഷം. ആ വൃക്ഷത്തിന്റെ അടിഭാഗത്ത് ഒരു മുദ്ര ദൃശ്യമാക്കപ്പെട്ടു. അല്ലാഹുവിന്റെ പേരും ഹസ്രത്ത് മുഹമ്മദ് നബി (സ) യുടെ പേരും കൂടി ചേർന്നിരിയ്ക്കുന്ന ഒരു മുദ്ര. ആ സ്വപ്നം അസാധാരണമായൊരു അനുഭവമായി വന്നപ്പോൾ, ആ സഹോദരന്റെ ഈമാൻ അല്ലാഹുവിലും അവന്റെ ദൂതൻ ഹസ്രത്ത് മുഹമ്മദ് നബി (സ) യിലും നബിയുടെ ഈ വീനിത ദാസനിലും ഉള്ള വിശ്വാസം വളരെയധികം ഉറച്ച് ബലപ്പെട്ടതായിത്തീർന്നു, അൽഹംദുലില്ലാഹ്

ആ പ്രീയപ്പെട്ട ശിഷ്യൻ, തന്റെ വിശ്വാസം അല്ലാഹുവിൽ അർപ്പിച്ചു. അതുപോലെ ഗൈബിൽ ആത്മവിശ്വാസം പ്രകടിപ്പിച്ചു. അല്ലാഹു (ത) സംസാരിക്കുന്നവനാണെന്നും തന്നെ നേർവഴിയിൽ നയിക്കുമെന്നും ശരിയായ തീരുമാനം എടുക്കാൻ കഴിയേണ്ടതാണ്. അസാധാരണമായ നിലയിൽ തന്റെ ജീവിതത്തിന് അതൊരു വഴിത്തിരിവായി തീരുന്നതാണ്. അങ്ങനെ ആയാൽ അല്ലാഹു (ത) അവനെ സ്വയം അവനായി പ്രദർശിപ്പിക്കുന്നതാണ്. അദ്ദേഹത്തിന്റെ സ്വപ്ന

ത്തിന്റെ വ്യഖ്യാനം അദ്ദേഹത്തിനു തന്നെ നേരത്തെ ബോധനം നല്കി കഴി ഞ്ഞിരിക്കുന്നു. അൽഹംദുലില്ലാഹ്

അതുപോലെ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ അനേകം അംഗങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ, വിശിഷ്യാ കേരളത്തിൽ, അസാധാരണ മായ സ്വപ്നങ്ങളും ദർശനങ്ങളും കണ്ടിട്ടുണ്ട്. അങ്ങനെ അവരുടെ അല്ലാഹു വിലുള്ള ഈമാൻ ശക്തി പ്രാപിച്ചിട്ടുണ്ട്. ഹസ്രത് മുഹമ്മദ് (സ) ലും ഹസ്രത് മസീഹ് മൗഊദ് (അ) ലും, ഈ വിനീത ദാസനിലും അതോടൊപ്പം മറ്റെല്ലാ പ്രവാചകന്മാരിലുമുള്ള വിശ്വാസം ശക്തിപ്രാപിച്ചിട്ടുണ്ട്. ഇതും ഈമാന്റെ ഭാഗം തന്നെയാണ്.

ആയതിനാൽ, മറ്റെല്ലാത്തിനും ഉപരിയായി അല്ലാഹുവിന് സ്ഥാനം നല്കേണ്ടതുണ്ട്. അപ്രകാരം സ്ഥാനം നല്കുമ്പോൾ, അല്ലാഹു (ത) പറയും. അവർ നമസ്ക്കാരം നിലനിർത്തുന്നവരാണ്. അവരാണ് യഥാർത്ഥ നമസ്ക്കാര ക്കാർ. ഈ യാത്ര ആരംഭിക്കുന്നത് പ്രാർത്ഥനയിലൂടെയാണ്. എന്നാൽ നിങ്ങൾ വീട്ടിലും പള്ളിയിലും വെച്ചു നടത്തുന്ന നമസ്ക്കാരങ്ങൾ, അതിൽ അല്ലാഹു വിനെകുറിച്ച് യാതൊരു ശ്രദ്ധയുമില്ലാതെ നടത്തുന്നവ, ഇത്തരം നമസ്ക്കാര ങ്ങൾ യഥാർത്ഥ നമസ്ക്കാരങ്ങൾ എന്ന് പറയുവാൻ കഴിയില്ലല്ലോ. വിശുദ്ധ ഖുർആൻ പറയുന്നു. ആ നമസ്ക്കാരക്കാർ, അതായത് അവർ പ്രസ്തുത നമ സ്ക്കാരങ്ങളിലൂടെ അനുഗ്രഹങ്ങൾ സ്വായത്തമാക്കുന്നവരാണ്. അവരുടെ നമ സ്ക്കാരങ്ങളിൽ മെല്ലെ പുരോഗതി ആർജ്ജിക്കുകയും ചെയ്യുന്നവരാണ്. എന്നാൽ മററു ചില നമസ്ക്കാരക്കാർ, ഖുർആൻ പറയുന്നു, അവർ നമസ്ക്കരി ക്കുന്നു എന്നാൽ അവർ നേടുന്നത് അല്ലാഹുവിന്റെ ശാപം മാത്രമാകുന്നു.

ആയതിനാൽ നിങ്ങൾ അല്ലാഹുവിന്റെ ശാപം പേറുന്ന നമസ്ക്കാര ക്കാരായിരിക്കരുത്. നമസ്ക്കാരത്തെ അതീവ താല്പര്യത്തോടെ സമീപിക്കുന്ന ആളുകളെ വളരെ വിരളമായേ നിങ്ങൾക്ക് കാണുവാൻ കഴിയുകയുള്ളു വളരെ പെട്ടെന്ന് നമസ്ക്കാരം കഴിഞ്ഞു പോകുവാൻ താല്പര്യപ്പെടുന്നവരാണ് വളരെ കൂടുതൽ പേരും ! എത്ര പെട്ടെന്നാണ് നമസ്ക്കാരം നിർവ്വഹിച്ചിട്ട് അവർ അവ രുടെ തൊഴിലുകളിലേക്ക് മടങ്ങിപോകുന്നത്. അവർ നമസ്ക്കാരം നിർവ്വഹിക്കു

ന്നത് ഒരു കടമ എന്ന നിലയിലാണ്. അതെ അവർ നമസ്ക്കാരം നിർവ്വഹിക്കുന്നു. എന്നാൽ അവരുടെ മനസ്സ് മറ്റെവിടയോ ആകുന്നു. അത്തരം ആളുകളെകുറിച്ചാണ് അല്ലാഹു(ത) പറയുന്നത് അവർ നമസ്ക്കാരത്തിൽ അശ്രദ്ധരാണ് എന്ന് !

അദൃശ്യങ്ങളിൽ യഥാർത്ഥ ഈമാൻ ഉണ്ടെങ്കിൽ മാത്രമെ ഈ വചനത്തെ ശരിക്കും പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളു. നിങ്ങൾ നമസ്ക്കരാത്തിലേർപ്പെടുമ്പോൾ നിങ്ങൾ ശരിക്കും അല്ലാഹുവിന്റെ പാതയിലാണ്. അവൻ നല്കിയതിനെ നിങ്ങൾ ചെലവഴിക്കുകയാണ്. അതായത് നിങ്ങളുടെ കഴിവ്, ബൗധികത, വിവേചനശക്തി ഇതൊക്കെ അവൻ നിങ്ങൾക്ക് നല്കിയതാണ്. പ്രസ്തുത പ്രാർത്ഥനയിൽ ഇതെല്ലാം ഉൾക്കൊണ്ടിരിക്കുന്നു. നിങ്ങൾക്ക് നല്കിയതിൽ നിന്നും നിങ്ങൾ ചെലവഴിക്കുവാൻ അവൻ നിങ്ങോളോടാവശ്യപ്പെടുന്നു അത് എങ്ങനെയാണ് ചെലവഴിക്കേണ്ടതെന്നുള്ള നിർദ്ദേശവും അവൻ നല്കിയിരിക്കുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ, അധ്യാപനങ്ങൾ പിന്തുടരുന്നവർ, അവർ തന്നെയാണ്, അല്ലാഹുവിന്റെ ദാസന്മാർ, അവർ ഖുർആനെ തഖ്വയിലൂടെ പാരായണം ചെയ്യുന്നവരാണ്, തദ്വാര അവരെ ഖുർആൻ വഴി കാണിക്കുന്നു.

ഖുർആൻ അവർക്കൊരു വഴികാട്ടി ആയി മാറുമ്പോൾ, അപ്പോൾ മാത്രമാണ് അവർക്ക് യഥാർത്ഥത്തിൽ അദൃശ്യത്തിലുള്ള ഈമാൻ കരഗതമാകുന്നത്. അതായത് (അല്ലാഹു(ത) അദൃശ്യനാണെങ്കിലും, അവർക്ക് അല്ലാഹുവിൽ യഥാർത്ഥമായ ഈമാൻ ഉണ്ടാകുന്നു. അല്ലാഹുമായി ബന്ധിതമായ എല്ലാ കാര്യങ്ങളിലും അവർക്ക് വിശ്വാസമുണ്ടാകുന്നു. അദൃശ്യ യാഥാർത്ഥ്യത്തിൽ അവർക്ക് ശരിക്കും ഈമാൻ ഉണ്ടാകുമ്പോൾ, അവർക്ക് നമസ്ക്കാരം ശരിക്കും നിലനിർത്തുവാൻ സാധിക്കുന്നു. ഇതില്ലാതെ അതു സാധ്യമല്ല. അപ്രകാരം നമസ്ക്കാരം നിങ്ങൾ നിലനിർത്തിയാൽ, അതിനുശേഷം അല്ലാഹു (ത) ഓർമ്മിപ്പിക്കുന്നു. അപ്പോൾ, അവർക്ക് അവൻ നല്കിയതിൽ നിന്നും അവർ യഥാവിധി തീർച്ചയായും ചെലവഴിക്കുന്നവരായിരിക്കും. നിങ്ങൾക്ക് ലഭിച്ചതിൽ നിന്നും വളരെയധികം നിങ്ങൾക്ക് ചെലവഴിക്കുവാൻ സാധിക്കുകയില്ല. (വിശിഷ്യാ കഴിവുകൾ / പ്രാപ്തികൾ) അല്ലാഹു (ത) നിങ്ങൾക്ക് നല്കിയ കഴിവുകളിൽപെട്ടതാണ് ഒരു വ്യക്തിയുടെ ശ്രദ്ധയും ! അതായത് അല്ലാഹുവിൽ ഒരു വ്യക്തി ശ്രദ്ധ കേന്ദ്രീക

രിക്കുക എന്നത്) മറ്റനേകം അനുഗ്രഹങ്ങളും അല്ലാഹു (ത) അവന് നല്കിയിരിക്കുന്നു. കുടുംബം, വസ്തുവകകൾ, ബുദ്ധിവൈഭവം, ധനം ഇവയെല്ലാം അവന്റെ അനുഗ്രഹങ്ങളിൽ പെട്ടതാണ്. അവർ ചെലവഴിക്കുന്നവരാണ് എന്നു പറയുമ്പോൾ, അവർ എന്താണ് ചെലവഴിക്കേണ്ടത് എന്ന് പ്രത്യേകം എടുത്തു പറയുന്നില്ല.

ഈ വിഷയം തുറന്നിട്ടിരിക്കുന്നതിലൂടെ, ഈ വചനത്തിന് അനന്തമായ അർത്ഥതലങ്ങൾ നല്കിയിരിക്കുകയാണ്. മറ്റൊരു ഖുർആനിക വചനത്താൽ പറഞ്ഞിരിക്കുന്നു നിങ്ങൾക്ക് നല്കിയതിൽ നിന്നും നിങ്ങൾക്കു വേണ്ടി തന്നെ ചെലവഴിക്കുക. കാരണം പ്രസ്തുത ചെലവഴിക്കൽ നിങ്ങളുടെ തന്നെ നഫ്സിന്റെ ഗുണത്തിനു വേണ്ടിയാണ്. നാം നല്കിയതിൽ നിന്നും ചെലവഴിക്കുക എന്നതിൽ, കാറുകൾ ഉള്ളവരും ഉൾപ്പെടുന്നു. അവർ പള്ളിയിൽ നിന്നും ദൂരെ ആയിരിക്കുകയും നമസ്ക്കാരത്തിനായി കാറിൽ പള്ളിയിലേക്ക് വരികയും ചെയ്യുന്നുവെങ്കിൽ അതും നാം നല്കിയതിൽ നിന്നും ചെലവഴിക്കുന്ന വിഭാഗത്തിൽ പെടുന്നതാണ്. ആളുകൾക്ക് സന്താനങ്ങൾ ഉണ്ടായിരിക്കുകയും അവർക്ക് ആത്മീയ പരിശീലനം നല്കുകയും നല്ലവനായി വളർത്തുവാൻ പരിശ്രമിക്കുകയും അവർക്കു വേണ്ടി ചെലവഴിക്കുന്ന സമയവും, നാം അവർക്ക് നല്കിയതിൽ നിന്നും ചെലവഴിക്കുന്നവർ എന്ന വിഭാഗത്തിൽപ്പെടുന്നു.

ധനസംബന്ധമായ വിഷയം നമുക്ക് മാറ്റി വയ്ക്കാം. നിങ്ങളുടെ കഴിവുകൾ നിങ്ങളുടെ ഊർജ്ജം, നിങ്ങളുടെ അതിസാമർത്ഥ്യം ഇവ നിങ്ങളുടെ തന്നെ ശിക്ഷണത്തിന് നിങ്ങൾ എത്രത്തോളം ഉപയോഗപ്പെടുത്തി. അതുപോലെ തന്നെ നിങ്ങളുടെ സന്താനങ്ങളുടെ ശിക്ഷണത്തിനായി എത്രത്തോളം ഉപയോഗപ്പെടുത്തുകയുണ്ടായി. നിങ്ങൾക്ക് അല്ലാഹു (ത) കനിഞ്ഞു നല്കിയ നിങ്ങളുടെ കഴിവുകൾ, അല്ലാഹുമായി അടുക്കുന്നതിനായി നിങ്ങൾ എത്രത്തോളം ഉപയോഗപ്പെടുത്തുകയുണ്ടായി. പ്രസ്തുത സമയം, അതു നിങ്ങൾക്കാകട്ടെ, നിങ്ങളുടെ സന്താനങ്ങൾക്കു വേണ്ടിയാകട്ടെ, അത് അല്ലാഹുവിന്റെ വഴിയിലുള്ള വമ്പിച്ച ചെലവഴിക്കൽ തന്നെയാണ് ! അല്ലാഹുവിനായി നിങ്ങൾ സമ്മാനങ്ങൾ സമർപ്പിക്കുമ്പോൾ, തീർച്ചയായും അതിൽ നല്ല ഉദ്ദേശ്യങ്ങൾ ഉണ്ടായി

രിക്കണം. അല്ലാഹു (ത) അവൻ തന്നെ പറയുകയുണ്ടായി, അതായത് നിങ്ങൾ അല്ലാഹുവിനായി സമർപ്പിക്കേണ്ടതു നിങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ട സാധനങ്ങൾ തന്നെ ആയിരിക്കണം.

സ്നേഹത്തിന്റെ ആവശ്യകത എന്നത് ജീവിതത്തിലൂടനീളം ഒരു വ്യക്തിക്കു ഉണ്ടായിരിക്കേണ്ട ഒരു കാര്യമാണ്. ഒരു മാതാവിന് തന്റെ കുട്ടിയോട് അമിതസ്നേഹം ഉണ്ട് എന്നത് തീർച്ചയാണ്. എന്നാൽ പ്രസ്തുത മാതാവ്, തന്റെ കുട്ടിയെ അല്ലാഹുവിന്റെ സ്നേഹഭാജനമാക്കി മാറ്റുവാൻ വളരെയധികം ശ്രദ്ധയും, താല്പര്യവും എടുക്കേണ്ടതുണ്ട്. അങ്ങനെ അവൾക്ക് പ്രസ്തുത കുട്ടിയെ അല്ലാഹുവിന്റേതാക്കി മാറ്റുവാൻ അവളുടെ എല്ലാ കഴിവുകളും ഉപയോഗപ്പെടുത്തുന്നതാണ്. അത്തരം കുട്ടി അല്ലാഹുവിന്റെ സേവനത്തിലായി തീരുന്നതാണ്. അവൻ അല്ലാഹുവിനോടുള്ള ഉത്തരവാദിത്വത്തെ മറക്കുന്നതല്ല. അങ്ങനെ പ്രസ്തുത മാതാവ് ശാന്തി നേടുന്നു. സന്തോഷം നേടുന്നു. തന്റെ കുട്ടി അല്ലാഹുവിന്റേതായി തീരുമ്പോൾ ! പരാമർശിത കുട്ടി നല്ല കുട്ടിയായി തീരുമ്പോൾ, അല്ലാഹുവിന്റേതായി തീരുമ്പോൾ, അവൻ എവിടെ പോയാലും, അല്ലാഹു (ത) അവനെ സംരക്ഷിക്കുന്നതാണ്.

അങ്ങനെ ഖുർആനെ സംബന്ധിച്ചിടത്തോളം, ആരംഭത്തിൽ തന്നെ ഈ കാര്യങ്ങളെല്ലാം വ്യക്തമായും വിശദീകരിച്ചിട്ടുള്ളതാകുന്നു. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ഓരോ അംഗവും ദിവസവും ഖുർആൻ പാരായണം ചെയ്യേണ്ടതാണ്. അവർ ഇതിന്റെ പരിഭാഷയും വായിക്കേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അൽ അസീം തഫ്സീറുൽ ഖുർആൻ പൂർത്തിയാക്കുവാനുള്ള തൗഫീഖ് എനിക്കവൻ തന്നിരിക്കുന്നു. പരിഭാഷ മാത്രമല്ല അതിന്റെ വിശദീകരണവും പൂർത്തിയായിരിക്കുന്നു.

അൽഅസിം തഫ്സീറുൽ ഖുർആൻ പ്രസിദ്ധീകരണത്തിന് പണത്തിന്റെ ആവശ്യമുണ്ട്. ലോകമെങ്ങുമുള്ള എല്ലാ അംഗങ്ങളും ഈ മഹത് സംരംഭത്തിൽ പങ്കു കൊള്ളുവാൻ അഭ്യർത്ഥിക്കുന്നു. അൽഅസീം തഫ്സിറുൽ ഖുർആൻ ഫണ്ട് ! ഇൻശാ അല്ലാഹ്

അനേകം വാള്യങ്ങളായിട്ടു മാത്രമെ ഇത് പ്രസിദ്ധീകരിക്കുവാൻ സാധിക്കുകയുള്ളു. ഏറ്റവും നന്നായി പ്രിന്റ് ചെയ്യുന്നതിന് പല അച്ചടിശാലകളും മുന്നോട്ടു വന്നിട്ടുണ്ട്. ഈ പ്രസംഗം അതിൽ ഞാൻ വിശദീകരിച്ചതുപോലെ നിങ്ങളുടെ ധനം എങ്ങനെ വിനിയോഗിക്കണമെന്ന് നിങ്ങൾ മനസ്സിലാക്കണം, ഇത് നിങ്ങൾക്കു ഈ നൂറ്റാണ്ടിലെ ഒരു സുവർണ്ണാവസരമാണ്. നിങ്ങളുടെ ഇടയിൽ ഒരു ദൈവദൂതന്റെ സാന്നിദ്ധ്യത്തിൽ, അനുഗ്രഹീത നിമിഷങ്ങളിലാണ് നിങ്ങൾക്കു ജീവിക്കുവാൻ കഴിയുന്നത് ! ഈ അനുഗ്രഹത്തെ നിങ്ങൾ നിഷേധിക്കുകയാണെങ്കിൽ, അപ്പോൾ അല്ലാഹു മറ്റു ചിലരെ ഈ കാര്യത്തിനായി കൊണ്ട് വരുകയും നിങ്ങളെ നീക്കം ചെയ്യുകയും ചെയ്യുന്നതാണ്. ഇത് തീർച്ചയായും അല്ലാഹുവിന്റ ഗ്രന്ഥമാകുന്നു. ഖുർ ആനിലേക്കുള്ള ഈ യാത്രയ്ക്ക് മറ്റുള്ളവരെ പ്രാപ്തമാക്കുവാൻ, ഖുർആനിലൂടെയും അതിന്റെ വ്യാഖ്യാനത്തിലൂടെയും എന്താണ് ഉദ്ദേശിക്കുന്നത് അല്ലാഹുവിനു മാത്രമെ അറിയുകയുള്ളു. ഖുർആനോടുള്ള അവരുടെ സ്നേഹം വർദ്ധിക്കുന്നതിനായി ഖുർആനിലൂടെ അല്ലാഹുവിനോടുള്ള സ്നേഹം വർദ്ധിക്കുന്നതിനായി അവൻ നടപ്പിലാക്കുന്ന പദ്ധതികളാണിവ. ഇൻശാ അല്ലാഹ് ആമീൻ

ഈ യാത്ര തുടരുവാൻ നിങ്ങളെ എല്ലാവരേയും അല്ലാഹു (ത) സഹായിക്കട്ടെ ! അല്ലാഹു (ത) നിങ്ങളോട് എപ്പോഴും സന്തോഷവും സംതൃപ്തിയും പ്രകടിപ്പിക്കട്ടെ ! ഇൻശാ അല്ലാഹ് ! ആമീൻ

**Translated by : Fazil Jamal & R. Jamaludin Raother**

**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph : 9447001832, 0475-2220223**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**